ഒരു ആര്യസമാജം പ്രസിദ്ധീകരണം

*RNI NO. KERMAL /2013/53849*
*Date of Publication 10/03/2014*




ആര്യസമാജത്തിന്റെ നേതൃത്വത്തിൽ നടന്ന ധർമ്മ ജാഗരണ യാത്ര (അട്ടപ്പാടിയിൽ വനവവാസി മേഖലയിൽ)
ഇടത്തുനിന്ന് സർവ്വശ്രീ. രവിദത്താർത്ത, കെ.എം. രാജൻ, വാനപ്രസ്ഥി ബാലേശ്വർ മുനി

**വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!**
ദയാനന്ദ സന്ദേശം വൈദിക മാസിക

**ദയാനന്ദ സന്ദേശം വൈദിക മാസിക, സത്യ – സനാതന – വൈദികധർമ്മ സന്ദേശം!**
അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ വൈദിക സിംഹഗർജ്ജനം!
ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!
വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.
വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : കാര്യദർശി, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504 ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.
Arya Samajam
Bank Account No: 4264000100071490, IFSC Code : PUNB 0426400
Punjab National Bank- Cherpalcheri Branch

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 1 ലക്കം 9

വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 ഫാൽഗുന – ചൈത്രം
1189 കുംഭം – മീനം 2014 മാർച്ച്

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹ 1000/-



**ആര്യമുസാഫിർ പണ്ഡിറ്റ് ലേഖ്റാം (1858 – 1897)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

- മാർച്ച് 6 : പണ്ഡിറ്റ് ലേഖ്റാം ബലിദാന ദിനം
- മാർച്ച് 19 : പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി നിർവ്വാണ ദിനം
- മാർച്ച് 23 : സർദാർ ഭഗത്സിംഗ്, സുഖദേവ്, രാജ്ഗുരു രക്തസാക്ഷിദിനം
- മാർച്ച് 31 : വർഷപ്രതിപദ – വൈദിക നവവർഷാരംഭം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

# വേദാദ്ധ്യയനം



**ഋഷിഃ മധുഛന്ദാഃ ദേവതാ ഇന്ദ്രഃ പിപിലികാമദ്ധ്യാനിച്യദ് ഗായത്രി ഛന്ദഃ ഷഡ്ജഃ സ്വരഃ**

**ഇന്ദ്രാ യാഹി ചിത്രഭാനോ സുതാ ഇമേ ത്വായവഃ |**

**അണ്വീഭിസ്തനാ പൂതാസഃ ||**

*(ഋഗ്വേദം 1.3.4)*

**പദാർത്ഥം:** (ചിത്രഭാനോ) ആശ്ചര്യ പ്രകാശയുക്താ (ഇന്ദ്ര) പരമേശ്വരാ! കാരണങ്ങളുടെ ഭാഗങ്ങളിൽ (തനാ) സർവ്വലോകങ്ങളിലും വിസ്തൃതനും (പൂതാസഃ) പവിത്രനും (ത്വായവഃ) അങ്ങയാൽ സൃഷ്ടിക്കപ്പെട്ട മൂർത്തിമാനായ പദാർത്ഥങ്ങളെ നിർമ്മിച്ച, ഞങ്ങൾ ആരിൽ നിന്നാണോ ഈ ഉപകാരങ്ങളെ സ്വീകരിക്കാനിടയായത് ആ ഞങ്ങൾ അങ്ങയുടെ ശരണാഗതരാണ്

രണ്ടാമത്തെ അർത്ഥം – സൂര്യൻ തന്റെ ഗുണങ്ങളാൽ എല്ലാ പദാർത്ഥങ്ങളെയും പ്രാപിക്കുന്നു. അങ്ങ് (ഋണ്വീഭിഃ) അങ്ങയുടെ കിരണങ്ങളാൽ (തനാ) ലോകത്തിൽ വിസ്തൃതമായി (ത്വായവഃ) അതിന്റെ നിമിത്തത്തേ ഉണ്ടാക്കുന്ന (പൂതാസഃ) പവിത്രമായ (സുതാഃ) ലോകത്തിലെ പദാർത്ഥമാകുന്നു. അത് തന്നെയാണ് അവയ്ക്ക് പ്രകാശം നൽകുന്നതും.

**ഭാവാർത്ഥം:** ഇവിടെ ശ്ലേഷാലങ്കാരമാണെന്നറിയുക. ഇവയിൽ ഏതെല്ലാം മന്ത്രങ്ങളിലാണോ പരമേശ്വരന്റേയും സൂര്യന്റേയും ഗുണകർമ്മങ്ങളെ പ്രകാശിപ്പിച്ചിരിക്കുന്നത്. അവയെ പരമാർത്ഥത്തിന്റെയും വ്യവഹാരത്തിന്റെയും സിദ്ധിക്കായി നല്ല തരത്തിൽ ഉപയോഗിക്കുന്നത് എല്ലാ മനുഷ്യർക്കും അനുയോജ്യമാണ്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ. എം. രാജൻ)*

## ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

1. എല്ലാ സത്യവിദ്യകളുടേയും ആ വിദ്യകൊണ്ട് അറിയപ്പെടുന്ന പദാർത്ഥങ്ങളുടേയും ആദിമൂലം സർവ്വേശ്വരനാകുന്നു.
2. ആ ഈശ്വരൻ സച്ചിദാന്ദ സ്വരൂപനും നിരാകാരനും സർവ്വശക്തിമാനും ന്യായകാരിയും ദയാലുവും ജന്മമെടുത്തിട്ടില്ലാത്തവനും, അനന്തനും, നിർവ്വികാരിയും, അനാദിയും, സർവ്വാധാരനും, സർവ്വേശ്വരനും, സർവ്വവ്യാപിയും, സർവ്വാന്തര്യാമിയും, അജനും, അമരനും, ഭയമില്ലാത്തവനും, നിത്യനും, പവിത്രനും, സൃഷ്ടികർത്താവും ആകുന്നു. കേവലം ആ ഈശ്വരൻ മാത്രമാണ് ഉപാസനയ്ക്ക് യോഗ്യൻ.

***'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'***

***സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ***





**ദയാനന്ദ സന്ദേശം:** ഉടമസ്ഥതയും വിശദാംശങ്ങളെയും സംബന്ധിച്ചുള്ള സ്ഥിതി വിവരം (1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമപ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി. നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്.

**ഫോറം IV**

| | | | |
|---|---|---|---|
| 1. | പ്രസിദ്ധീകരിക്കുന്ന സ്ഥലം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 2. | പ്രസിദ്ധീകരണ സ്വഭാവം | - | മാസിക |
| 3. | അച്ചടിക്കുന്ന ആളിന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട്, 679 504, കേരളം |
| 4. | പ്രസാധകന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് 679 504, കേരളം |
| 5. | പത്രാധിപരുടെ പേര് | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് 679 504, കേരളം |
| 6. | പത്രത്തിന്റെ ഉടമസ്ഥതയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ പേരും മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചു കൊള്ളുന്നു.

വെള്ളിനേഴി കെ.എം. രാജൻ

10.03.2014 പ്രസാധകൻ



# കത്തുകൾ – പ്രതികരണങ്ങൾ

### "സത്യമേവ ജയതേ"

**ദ**യയും ആനന്ദവും ആണ് മാനവരെ ധന്യരാക്കുന്നത്. ദയാനന്ദസന്ദേശം മാനവന്റെ അത്യുജ്ജ്വല സന്ദേശമത്രെ. മനുഷ്യൻ മനനം ചെയ്യുന്ന ഉൽകൃഷ്ട ജീവിയാണ്. ജ്ഞാനമാണ് അറിവിന്റെ ആരംഭം. അറിവ് ശക്തിയും ആനന്ദവും നൽകുന്നു. ദയാപരനായ ദൈവം എന്ന വിശേഷണത്തിന് ഊടും പാവും നൽകുന്നത് സത്യം എന്ന സങ്കല്പമാണ്. "സത്യമേവ ജയതേ" എന്ന് ആശംസിക്കാം. മാസിക ഞാൻ സാഹിത്യഅക്കാദമിയിൽ നിന്ന് കണ്ടു. ഇതൊരു വ്യത്യസ്ത മാസികയായി തോന്നി. ആര്യസമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള ഈ മാസികയ്ക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു.

**എ.കെ.എ. റഹിമാൻ, ചീഫ് എഡിറ്റർ, ദേശിയോദ്ഗ്രഥനം മാസിക, കൊടുങ്ങല്ലൂർ – 680 664**

***മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)***

***ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ***



(മുൻ ലക്കത്തിന്റെ തുടർച്ച)

## വൈദിക ധർമ്മ പ്രശ്നോത്തരി

ജാതവേദൻ

6. ഈശ്വരന് മരണമുണ്ടോ ? - ഇല്ല
7. ഈശ്വരന് എപ്പോഴെങ്കിലും അവസാനമുണ്ടോ ? - ഇല്ല
8. ഈശ്വരൻ എവിടെ വസിക്കുന്നു - സർവ്വവ്യാപകനായതിനാൽ എല്ലായിടത്തും
9. ഈശ്വരന്റെ അനുഭൂതി ഉണ്ടാവുന്നത് എവിടെയാണ് - ആത്മാവിൽ
10. ഈശ്വരന്റെ പ്രവൃത്തികൾ എന്തെല്ലാമാണ് ? - 1.സൃഷ്ടി രചന, സംരക്ഷിക്കുക, സംഹരിക്കുക 2. വേദജ്ഞാനം നൽകുക. 3. കർമ്മാനുസാരം ഫലത്തേ നൽകുക
11. എന്തിനെയാണ് ധർമ്മമെന്നു പറയുന്നത് ? - നൈതികത, കർത്തവ്യ പാലനം
12. ധർമ്മം കൊണ്ട് ലഭിക്കുന്നതെന്താണ് ? - സുഖം, സമൃദ്ധി, ശാന്തിയും ആത്മ ബലവും
13. ആര്യസമാജമെന്നതിന്റെ അർത്ഥമെന്താണ് ? - ശ്രേഷ്ഠ ജനങ്ങളുടെ സംഘടന
14. ആര്യസമാജം സ്ഥാപിച്ചത് എന്ന്? എവിടെ വച്ച് ? - 10 ഏപ്രിൽ 1875 ന് ബോംബെയിൽ വെച്ച്
15. ആര്യസമാജത്തിന്റെ മുഖ്യ ഉദ്ദേശമെന്താണ് ? - ലോകത്തിന് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യുക.

*(തുടരും)*

## ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

### സത്യപ്രകാശം വൈദിക ശിൽപ്പശാല

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് വച്ച് (പണ്ഡിറ്റ് ലേഖ്റാം നഗർ) 'സത്യപ്രകാശം' വൈദിക ശിൽപ്പശാല നടന്നു. കാലത്ത് 8 മണിക്ക് അജ്മീരിലെ ആര്യസമാജഗുരുകുലമായ മഹർഷി ദയാനന്ദ് ആർഷ ഗുരുകുലത്തിലെ വാനപ്രസ്ഥി ബാലേശ്വർ മുനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന യജ്ഞത്തോടെ ആരംഭിച്ച ശിൽപ്പശാലയിൽ ജിജ്ഞാസുക്കളായ നിരവധി യുവതീ-യുവാക്കൾ പങ്കെടുത്തു. സ്വാമി ദർശനാനന്ദ സരസ്വതി, ശ്രീ. രവി ദത്താർത്താ എന്നിവരും ശിൽപ്പശാലയിൽ

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*
*വേദങ്ങളെ നിന്ദിക്കുന്നവർ - വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*





# ദയാനന്ദ സന്ദേശം

**ആര്യസമാജത്തിന്റെ മുഖപത്രം**

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 1** **ലക്കം 9**

**വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 ഫാൽഗുന-ചൈത്രം 1189 കുംഭം-മീനം 2014 മാർച്ച്**

**പത്രാധിപ സമിതി**

മുഖ്യപത്രാധിപർ: കെ. വേലായുധ ആര്യ

പത്രാധിപർ : കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ

ആചാര്യ എസ്. ശ്രീധര ശർമ്മ

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**

**താളുകൾ മറിക്കുമ്പോൾ**

| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 5 |
| ഋഗ്വേദപരിചയം | : | 7 |
| സംശയനിവാരിണി | : | 9 |
| ജീവിതം ഒരലയാഴി | : | 11 |
| ഉപദേശ മഞ്ജരി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| വൈദിക പ്രശ്നോത്തരി | : | 14 |

**വിലാസം : ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് 679 504.**
**Ph: 09562529095,**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**

## മുഖവാണി

### മാർച്ച് 6: പണ്ഡിറ്റ് ലേഖ്റാം ബലിദാന ദിനം



ഭാരതമാതാവിന്റെ മടിത്തട്ടിൽ കളിച്ചു വളർന്ന് ധർമ്മപ്രചാരണത്തിനുവേണ്ടി 'സ്വജീവ രക്തം സ്വന്തകരത്താൽ' ആഹുതി ചെയ്ത ദേശഭക്തരിൽ അഗ്രഗണ്യനാണ് പണ്ഡിറ്റ് ലേഖ്റാം. ഇപ്പോൾ പാക്കിസ്ഥാനിലായിപ്പോയ പഞ്ചാബിലെ ഝലം ജില്ലയിലെ സൈദ്പുർ എന്ന ഗ്രാമത്തിൽ വിക്രമസംവത്സരം 1915 ചൈത്ര അഷ്ടമി (ക്രിസ്തുവർഷം 1858) ദിനത്തിലായിരുന്ന അദ്ദേഹത്തിന്റെ ജനനം. തന്റെ കുലപരമ്പരയനുസരിച്ച് ലേഖ്റാം പോലീസുദ്യോഗസ്ഥനായി. ധാർമ്മിക ചിന്തകളിൽ ജിജ്ഞാസുവായ ലേഖ്റാം ഒരു ധർമ്മയോദ്ധാവായി പിന്നീട് മാറി. ലുധിയാനയിലെ മുൻഷി അലഖ്ധാരിയുടെ ഗ്രന്ഥങ്ങൾ വായിച്ചതിലൂടെ സ്വാമി ദയാനന്ദസരസ്വതിയും ആര്യസമാജവുമായി

*സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

അദ്ദേഹം സമ്പർക്കത്തിൽ വന്നു. അസത്യത്തെ ഖണ്ഡിക്കുകയും സത്യത്തെ പ്രചരിപ്പിക്കുകയും എന്നത് അദ്ദേഹത്തിന്റെ ജീവിതലക്ഷ്യമായി. പോലീസുദ്യോഗം രാജിവെച്ച് സർജന്റ് ലേഖ്റാം വൈദിക ധർമ്മപ്രചാരകനായി മാറി.

'ശുദ്ധി' പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ നിഷ്ഠാവനായ ഒരു ധർമ്മഭടൻ എന്ന നിലയിൽ കൊടുങ്കാറ്റുപോലെ പ്രവർത്തിച്ചതിന്റെ ഫലമായി അസംഖ്യം പേർ വൈദിക ധർമ്മത്തിലേയ്ക്ക് തിരിച്ചു വന്നു. വൈദിക സിദ്ധാന്തങ്ങളിലും ഉറുദു, പാർസി, സംസ്കൃതം, ഇംഗ്ലീഷ് ഭാഷകളിലും അസാമാന്യമായ സാമർത്ഥ്യം ഉണ്ടായിരുന്ന 'ആര്യമുസാഫിർ' എന്ന പേരിലും അറിയപ്പെട്ടിരുന്ന പണ്ഡിറ്റ് ലേഖ്റാമിന്റെ ശാസ്ത്രാർത്ഥങ്ങൾക്കു മുന്നിൽ ഇതരമതസ്ഥരുടേയും നാസ്തികരുടെയും വിചാരധാരകൾ അമ്പേ പരാജയപ്പെട്ടു. സിംഹത്തെ അതിന്റെ മടയിൽ തന്നെ പോയി നേരിടുക എന്ന സിദ്ധാന്തം പ്രാവർത്തികമാക്കിയ അദ്ദേഹം വേദവിരുദ്ധ മതക്കാരുടെ കേന്ദ്രങ്ങളിൽ നേരിട്ട് കയറി ചെന്ന് അവരുമായി ശാസ്ത്രാർത്ഥങ്ങൾ നടത്തിയിരുന്നു. സത്യ-സനാതന-വൈദികധർമ്മത്തിന്റെ മഹിമ ഉൾക്കൊണ്ട് അവരിൽ പലരും ആര്യധർമ്മ പ്രചാരകരും സന്യാസികളുമായ കഥകൾ 19-ാം നൂറ്റാണ്ടിന്റെ ചരിത്രം പരിശോധിച്ചാലറിയാം.

അതിസാഹസികനും നിർഭീകനുമായ ഈ ആര്യപ്രചാരകൻ മതവെറിയൻമാരുടെ നോട്ടപ്പുള്ളിയായി മാറി. 1897 മാർച്ച് 6 ന് ഒരു മുസ്ലീം മതഭ്രാന്തന്റെ കൊലക്കത്തിക്കിരയായി അദ്ദേഹം രക്തസാക്ഷിയായി. എഴുത്തിന്റെയും പ്രചാരത്തിന്റെയും പദ്ധതി ആര്യസമാജത്തിൽ ഒരിക്കലും നിന്നുപോകരുതെന്നായിരുന്നു അദ്ദേഹത്തിന്റെ മരണകിടക്കയിൽ നിന്നുള്ള അന്തിമസന്ദേശം. അതെ, അതൊരിക്കലും നിന്നുപോകാതെ പൂർവ്വാധികം ഊർജ്ജസ്വലതയോടെ നമുക്ക് നടത്താൻ കഴിയുമാറാകട്ടെ. ഈ പ്രതിജ്ഞയായിരിക്കട്ടെ ആര്യ മൂസാഫിർ പണ്ഡിറ്റ് ലേഖ്റാമിനുള്ള ആദരാഞ്ജലികൾ! അതിന് ജഗദീശ്വരൻ ഏവരെയും അനുഗ്രഹിക്കട്ടെ.

**പത്രാധിപർ**

---

**ആര്യസമാജം**

ആര്യസമാജമെന്നത് പുതിയൊരു മതമോ സിദ്ധാന്തമോ അല്ല. കോടാനുകോടി വർഷങ്ങളായി നിലനിൽക്കുന്ന സത്യ-സനാതന-വൈദിക ധർമ്മത്തെ അതിൽ കാലക്രമേണ വന്നു ചേർന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ഇല്ലാതാക്കി വേദധർമ്മത്തെ പുനഃസ്ഥാപിക്കുന്നതിന് സ്വാമി ദയാനന്ദ സരസ്വതി സ്ഥാപിച്ച ആദ്ധ്യാത്മിക-നവോത്ഥാന പ്രസ്ഥാനമാണ്.

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





ചെയ്താലും പർവ്വതം ഒരിക്കലും സ്വർണ്ണമയമായി തീരുന്നില്ല. നമ്മുടെ ഭാവനകൊണ്ട് ജഢമൂർത്തിയിൽ ഒരു പരിവർത്തനവും ഉണ്ടാകുന്നില്ല. പ്രാണപ്രതിഷ്ഠക്കുശേഷം മൂർത്തിസചേതനമായി തീരുന്നുമില്ല. കണ്ണുകൊണ്ട് നോക്കിയാൽ അങ്ങിനെ തോന്നുകയില്ല. ഇതെല്ലാം നമുക്ക് നന്നായി അറിവുള്ളതാണ്. ഈശ്വരന്റെ അഖണ്ഡമായ നിശ്ചയം ഈ ലോകം മുഴുവൻ നിറഞ്ഞുനിൽക്കുന്നു. അവയിൽ ഒരു മാറ്റവും വരുത്താൻ നമുക്കാവില്ല. ജഢമായതെന്തോ അത് ജഢമായും സചേതനമായത് സചേതനമായും നിലനിൽക്കും.

*(തുടരും)*

---

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

## സഹോദരിയുടെയും ചിറ്റപ്പന്റെയും മരണം



ബാലനായ മൂൽശങ്കറിന്റെ (സ്വാമി ദയാനന്ദ സരസ്വതി) ജീവിതത്തിൽ മഹത്തായ വിപ്ലവചിന്തകൾ ഉണ്ടാക്കാനിടയായ സംഭവം ഇതായിരുന്നുവെങ്കിലും വേറെയും ഏതാനും സംഭവങ്ങൾ ഉണ്ടായി. മൂൽശങ്കറിന് 16 വയസ്സുള്ളപ്പോൾ തന്റെ 14 വയസ്സുള്ള സഹോദരി കോളറ ബാധിച്ച് മരിച്ചു. ഇതിനു മുമ്പ് മൂൽശങ്കർ മരണം കണ്ടിട്ടുണ്ടായിരുന്നില്ല. വീട്ടിൽ എല്ലാവരും കരയുന്നു. മൂൽശങ്കർ മാത്രം കരഞ്ഞില്ല. അദ്ദേഹത്തിന്റെ മനസ്സിൽ പല ചിന്തകൾ മാറി മറിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. മൃത്യുവിനെ എങ്ങിനെ മറികടക്കാമെന്നായിരുന്നു അദ്ദേഹം ചിന്തിച്ചിരുന്നത്. രണ്ടാമതായി മറ്റൊരു സംഭവം അദ്ദേഹത്തിന് 19 വയസ്സുള്ളപ്പോൾ തന്റെ സ്നേഹനിധിയായിരുന്ന ചിറ്റപ്പനും മരിച്ചു. അദ്ദേഹം മൂൽശങ്കറിനെ ഒരുപാട് സ്നേഹിച്ചിരുന്നു. ചിറ്റപ്പന്റെ വേർപാടിൽ മൂൽശങ്കറിന് വളരെയധികം ദുഃഖം തോന്നി. "തനിക്കും ഒരുനാൾ മരണത്തെ നേരിടേണ്ടിവരും. ഇതിനെ എങ്ങിനെ മറികടക്കാനാവും." ഈ വിഷയത്തെ കുറിച്ച് തന്റെ സ്നേഹിതൻമാരോടും ബന്ധുക്കളോടും അന്വേഷണം ചെയ്തു. വൈരാഗ്യത്തോട് അനുരക്തി അതോടെ അദ്ദേഹത്തിൽ രൂഢമായി. ഇത്തരത്തിലുള്ള സാധാരണ സംഭവങ്ങൾ മനുഷ്യർക്കുമുന്നിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ മഹാപുരുഷന്മാരുടെ ജീവിതത്തിലിത് വൻമാറ്റത്തിന് വഴിതെളിക്കും. ബാലനായ മൂൽശങ്കർ തന്റെ സംശയങ്ങളുടെ ദുരീകരണത്തിനായി വെമ്പുകയായിരുന്നു.

വൈരാഗ്യ ചിന്തയിലാണ്ട മൂൽശങ്കറിനെ പിന്തിരിപ്പിക്കാനായി മാതാപിതാക്കൾ വിവാഹാലോചനകൾ തുടങ്ങി. താൻ വിവാഹം കഴിക്കാനുദ്ദേശിക്കുന്നില്ലാ എന്നദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. വിവാഹത്തിൽ നിന്നും രക്ഷപ്പെടുനനതിനായി അദ്ദേഹം വീടുവിട്ടുപോയി.

1846 ലെ ഐതിഹാസികമായ ഒരു സംഭവമായിരുന്നു 22 കാരനായ ഈ ധർമ്മവീരന്റെ ഗൃഹത്യാഗം. ശ്രീബുദ്ധന്റെ പിതാവ് തന്റെ മകനെ വൈരാഗ്യത്തിൽ നിന്ന് പിന്തിരിപ്പിക്കാനായി അദ്ദേഹത്തെകൊണ്ട് അൽപകാലത്തെക്കെങ്കിലും വിവാഹജീവിതം നയിപ്പിക്കുന്നതിൽ വിജയിയായി. എന്നാൽ ദയാനന്ദൻ (മൂൽശങ്കർ) അജേയനായിരുന്നു.

*(തുടരും)*

***ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

മഹർഷി ദയാനന്ദ സരസ്വതി
തർജ്ജമ: കെ.എം. രാജൻ

## നാലാം പ്രഭാഷണം (ധർമ്മാധർമ്മം)




**സ**ത്സംഗം ചെയ്യുന്നതുകൊണ്ട് മനുഷ്യരുടെ ബുദ്ധിക്ക് പരിപക്വത വന്ന് ശുദ്ധമായ വിചാരങ്ങളുണ്ടായി മന്ദബുദ്ധികളായവർക്ക് മംഗളകരമായി തീരുന്നു. രണ്ടാമതായി മനുഷ്യസ്വഭാവമനുസരിച്ച് തങ്ങളെ മറ്റുള്ളവർ അംഗീകരിക്കണമെന്നും ബഹുമാനിക്കണമെന്നും ചുറ്റുപാടുമുള്ളവർ പ്രശംസിക്കണമെന്നും തങ്ങളുടെ ആചരണങ്ങൾ ശരിയാണെന്നു പറയണമെന്നും മനുഷ്യർ ആഗ്രഹിക്കാറുണ്ട്. ഈ ആഗ്രഹം തന്റെ മനസ്സിന്റെ സദാചരണത്തിനു കാരണമായി തീരുന്നു. അതെങ്ങിനെ സംഭവിക്കും? സത്സംഗത്തിലൂടെ മാത്രമെ കഴിയൂ. മറ്റൊരുതരത്തിലും പറ്റില്ല. ജഢമൂർത്തികൾക്കുമുന്നിൽ ആരാധനാലയങ്ങളിലും മറ്റും ദുരാചാരങ്ങൾ ചെയ്യുന്നവർ 5 വർഷം പ്രായമായ ഒരു കുട്ടിയുടെ മുന്നിലിത് ചെയ്യാൻ മടിക്കുന്നു. മനുഷ്യൻ മനുഷ്യനെ എത്രമാത്രം ഭയക്കുന്നുവോ അത്രയും ജഢമൂർത്തികളെ ഭയക്കുന്നില്ല. ലക്ഷകണക്കിന് ജഢമൂർത്തികൾക്കിടയിൽ മനുഷ്യരെ നിർത്തിയാൽ അവരുടെ മനസ്സ് ദുരാചരങ്ങളുടെ പ്രവൃത്തികൾ കണ്ടാൽ ചഞ്ചലമാകും. ജഢപദാർത്ഥങ്ങളുടെ സത്കാരത്താൽ മനുഷ്യരുടെ മനസ്സിന് ഉന്നതി ഒരിക്കലും ഉണ്ടാവുകയില്ല. എന്നാൽ സദ്വിചാരവും മഹാവിചാരവും ചെയ്യുന്നതിൽ മനസ്സിനെ ഉറപ്പിക്കാനായാൽ ബുദ്ധിയുടെ ഉന്നതി തീർച്ചയായും ഉണ്ടാവും. സത്സംഗത്താൽ മറ്റുള്ളവരെ സത്ക്കരിക്കുന്നതിലൂടെ ആത്മാവ് പ്രസന്നമായി തീരുകയും പ്രീതി സദൃശമായ ഉത്തമഗുണങ്ങൾ അവരിൽ ഉണ്ടാവുകയും ചെയ്യും. മൂർത്തി പൂജയുടെ വിഷയത്തിൽ ഇത്രയും വിഷയങ്ങൾ ചർച്ച ചെയ്തു.

ഇനി മൂർത്തികളുടെ ഷോഡശോപചാര പൂജാവിഷയത്തേക്കുറിച്ച് ചിന്തിക്കാം. ജഢമൂർത്തി കേവലം ജഢമൂർത്തി എന്നതിനാലല്ല പൂജിക്കപ്പെടുന്നത്. അതിനായി ആദ്യം അവയിൽ പ്രാണപ്രതിഷ്ഠ നടത്തേണ്ടതുണ്ട്. മൂർത്തിയിൽ പ്രാണപ്രതിഷ്ഠ എന്നത് ഭാവന മാത്രമാണ്. ഭാവന എന്നാൽ സങ്കൽപ്പം.

യാദൃശീ ഭാവനാ യസ്യ സിദ്ധിർ ഭവതി താദൃശീ ॥


എപ്രകാരമാണോ ഭാവന അപ്രകാരം അവരുടെ ബുദ്ധി ലഭിക്കുന്നു. അങ്ങിനെ പലരും പറഞ്ഞുകൊണ്ടിരിക്കും. ഇത് തെറ്റായ ധാരണയാണ്. എന്തെന്നാൽ എല്ലാ മനുഷ്യരും സദാസുഖപ്രാപ്തിക്കായി ദൃഢഭാവന ചെയ്യുന്നു. എന്നാൽ അവർക്ക് എല്ലായ്പ്പോഴും സുഖപ്രാപ്തി ലഭിക്കുന്നില്ല. അതേപോലെ പർവ്വതത്തിൽ സ്വർണ്ണമുണ്ടെന്ന് ദൃഢഭാവന

***ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)***
***ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ***





(മുൻ ലക്കത്തിന്റെ തുടർച്ച)



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി
തർജ്ജമ: കെ.എം. രാജൻ

പാഠം- 7

## വൈദികധർമ്മത്തിലെ മുഖ്യ ശിക്ഷണങ്ങൾ

***ചോദ്യം: നിരവധി ജൻമങ്ങളുണ്ട് എന്നതിന് എന്താണ് പ്രമാണം ? മുൻജന്മങ്ങളിലെ ഓർമ്മകളൊന്നും ഞങ്ങൾക്കില്ലല്ലോ ?***

***ഉത്തരം:*** ഓർമ്മയില്ലാ എന്നതുകൊണ്ടുമാത്രം പൂർവ്വജന്മങ്ങൾ ഇല്ലാ എന്നു പറയാനാവില്ല. രണ്ടു ദിവസം മുമ്പ് താങ്കൾ എന്താണ് ഭക്ഷിച്ചതെന്നു ചോദിച്ചാൽ നിങ്ങളിൽ പലർക്കും അത് ഓർമ്മയുണ്ടാവില്ല. ഇതിനർത്ഥം നിങ്ങളൊന്നും ഭക്ഷിച്ചിട്ടില്ലാ എന്നാണോ? നിരവധി ജന്മങ്ങളുണ്ടെന്നതിന് നിരവധി പ്രമാണങ്ങളുണ്ട്.

യാതൊരു കഷ്ടപ്പാടുകളും അറിയാതെ സുഖജീവിതം നയിക്കുന്ന ചിലരുണ്ട്. അവർക്ക് ഒന്നിനെക്കുറിച്ചും ചിന്തകളില്ല. ശരീരവും മനസ്സും ബുദ്ധിയും എല്ലാം നല്ലതരത്തിലാണ്. മറ്റൊരു വശത്ത് ലക്ഷകണക്കിന്- അല്ലാ കോടികണക്കിന് ജനങ്ങൾ ദരിദ്രരാണ്. ഒരു നേരം അന്നം കഴിക്കാനുള്ള വക പോലുമില്ല. അന്ധതയും, ബധിരതയും മറ്റു അംഗവൈകല്യങ്ങളുമുള്ള നിരവധിപേർക്ക് ബുദ്ധിപ്രവർത്തിപ്പിക്കാൻ കൂടി കഴിയുന്നില്ല. പരമേശ്വരൻ ന്യായകാരിയും എല്ലാ മനുഷ്യരും അദ്ദേഹത്തിനു പുത്രസമാനരുമാണെങ്കിൽ ലോകത്ത് ഈ വിഷമതകൾ കാണുന്നതെന്തുകൊണ്ടാണ്? മുൻജന്മങ്ങളിൽ ചെയ്ത പാപ-പുണ്യ കർമ്മങ്ങളാണ് ഇതിനുകാരണം. പല ബാലൻമാരും ചെറുപ്രായത്തിൽ തന്നെ വലിയ കവികളും ഗായകരും പണ്ഡിതരുമായി തീരാറുണ്ട്. മുജ്ജന്മ സംസ്കാരം തന്നെയാണിതിനു കാരണം. പുനർജന്മ സിദ്ധാന്തത്തേ അംഗീകരിക്കുന്നില്ലെങ്കിൽ പരമേശ്വരനിൽ അന്യായം, പക്ഷപാതം എന്നീ ദോഷങ്ങൾ ഉണ്ടെന്നുവരും. ആസ്തികർക്കിത് സ്വീകാര്യമല്ല. മുജ്ജൻമവൃത്താന്തങ്ങൾ ഏതാനും കുട്ടികളെകുറിച്ച് പറഞ്ഞു കേൾക്കുന്നു

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 – 2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

ണ്ട്. അവർ പറയുന്ന വസ്തുതകൾ അന്വേഷിച്ചു കണ്ടെത്തേണ്ടതാണ്. കുറച്ചു വർഷം മുമ്പ് ദില്ലിയിൽ 9 വർഷം പ്രായമുള്ള ശാന്തിദേവി എന്ന പെൺകുട്ടി തന്റെ മുൻജന്മത്തെ സംഭവങ്ങളേകുറിച്ച് വർണ്ണിച്ചത് ആശ്ചര്യജനകമായിരുന്നു. അതിന്റെ വസ്തുത സ്ഥിരീകരിക്കപ്പെട്ടതാണ്.

***ചോദ്യം: കർമ്മഫല സിദ്ധാന്തം ശരിയാണെങ്കിൽ തീർത്ഥസ്ഥാനങ്ങളിലെ യാത്രകൊണ്ട് പാപനാശമുണ്ടാകുമെന്ന വിശ്വാസം എങ്ങിനെയാണ് അംഗീകരിക്കുക ?***

**ഉത്തരം:** ഗംഗ, യമുന, സരസ്വതി, കാവേരി, ഗോദാവരി തുടങ്ങിയ നദികളിൽ സ്നാനം ചെയ്യുന്നതുകൊണ്ടോ ഹരിദ്വാർ, ദ്വാരക, ജഗന്നാഥപുരി, രാമേശ്വരം, കന്യാകുമാരി എന്നീ തീർത്ഥസ്ഥാനങ്ങളിൽ യാത്രചെയ്യുന്നതുകൊണ്ടോ പാപങ്ങൾ നശിക്കുമെന്ന വിശ്വാസം വേദങ്ങൾക്കും യുക്തിക്കും വിരുദ്ധമാണ്. വാസ്തവത്തിൽ ചെയ്തുകൂട്ടിയ പാപഫലങ്ങൾ നമുക്ക് അനുഭവിച്ച് തീർക്കുകതന്നെ വേണം. അല്ലാതെ മറ്റു വഴികളൊന്നുമില്ല. സത്യം, ക്ഷമ, ഇന്ദ്രിയനിഗ്രഹം, ഭൂതദയ, മനസ്സിനെ പവിത്രമാക്കിവെക്കുക. ബ്രഹ്മചര്യം, അഹിംസ തുടങ്ങിയവയാണ് യഥാർത്ഥ തീർത്ഥങ്ങൾ. അവയുടെ സഹായത്താൽ സംസാരരൂപിയായ സമുദ്രത്തെ തരണം ചെയ്യാൻ മനുഷ്യർക്കാവും. മഹാഭാരത്തിൽ പറയുന്നതിങ്ങനെയാണ്.

*സത്യം തീർത്ഥം ക്ഷമാ തീർത്ഥം തീർത്ഥമിന്ദ്രിയ നിഗ്രഹഃ।*
*ബ്രഹ്മചര്യം പരം തീർത്ഥം അഹിംസാ തീർത്ഥമുച്യതേ ॥*
*സർവ്വഭൂതദയാ തീർത്ഥം തീർത്ഥമാർജ്ജവമേവ ച ।*
*തീർത്ഥാനാമുത്തമം തീർത്ഥം വിശുദ്ധിർമ്മനസഃ പുനഃ ॥*

ഈ ശ്ലോകം പദ്മപുരാണം ഉത്തരഖണ്ഡം അധ്യായം 237 ലും ഉണ്ട്.

**അർത്ഥം:** സത്യം തീർത്ഥമാണ്. ക്ഷമ തീർത്ഥമാണ്. ഇന്ദ്രിയങ്ങളെ വശത്താക്കൽ തീർത്ഥമാണ്. ബ്രഹ്മചര്യപാലനം വളരെ വലിയ തീർത്ഥമാണ്. സരളത തീർത്ഥമാണ്. സർവ്വപ്രാണികളോടും ദയ കാണിക്കുന്നത് തീർത്ഥമാണ്. മനസ്സിനെ ശുദ്ധവും പവിത്രവുമാക്കി വെയ്ക്കുന്നതാണ് ഏറ്റവും വലിയ തീർത്ഥം. ഈ സത്യം, ബ്രഹ്മചര്യം, അഹിംസ, ചിത്തശുദ്ധി തുടങ്ങിയവ കൂടാതെ ആർക്കും മുക്തിയോ ദുഃഖങ്ങളിൽ നിന്നുള്ള മോചനമോ സാധ്യമല്ല.

*(തുടരും)*

***മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ***
***(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്***
***ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം***






*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**



**ശി**വേലിപ്പുരയിൽ രണ്ടുനേരവും പൂജക്കുശേഷം പ്രസാദൂട്ടുകിട്ടും. താമസിക്കാൻ പടിഞ്ഞാറെ നടയിലുള്ള തന്ത്രിമഠമുണ്ട്. പക്ഷെ സ്കൂളിൽ ചേരാൻ രക്ഷിതാവിന്റെ സ്ഥാനത്ത് ഒരാൾ വേണ്ടേ ? അതിനാരാ ? AKTKM കുഞ്ഞൻ നമ്പൂതിരിപ്പാട് അവിടെ യൂണിവേഴ്സിറ്റി പ്രൊഫസറാണെന്നു കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അഡ്രസ് ദേശമംഗലത്ത് നിന്നു വാങ്ങി തിരുവനന്തപുരത്തേക്ക് പോയി. അന്ന് ഒറ്റപ്പാലത്ത് നിന്ന് തിരുവനന്തപുരത്തെത്താൻ 2 1/2 രൂപയേ വേണ്ടൂ. 12 അണ എറണാകുളത്തേക്ക്. അവിടുന്ന് ബോട്ടിന് ആലപ്പുഴ വഴി കൊല്ലത്തേക്ക് 1 രൂപ. കൊല്ലത്തുനിന്ന് ട്രെയിനിന് തിരുവനന്തപുരം സെന്റർ സ്റ്റേഷനിലേക്ക് ആറണയേയുള്ളു. ബാക്കി ആറണയുണ്ട്. പോവ്വന്നെ. വന്നതുവന്നു. ഒറ്റപ്പാലത്ത് പോയി വണ്ടി കയറി.

തിരുവനന്തപുരത്തു ചെന്ന് കുഞ്ഞൻ നമ്പൂതിരിപ്പാടിനെ അന്വേഷിച്ചു കണ്ടുപിടിച്ചു. അദ്ദേഹത്തോട് എന്റെ ആഗ്രഹങ്ങൾ പറഞ്ഞു മനസ്സിലാക്കി. രക്ഷിതാവായി ഒപ്പിടാൻ അദ്ദേഹം കൂടെ പോന്നു. അവിടുത്തെ പ്രധാനാധ്യാപകൻ നിർദ്ദേശിച്ച പ്രകാരം കൊളക്കടെ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് ബ്രാഹ്മണർക്കു മാത്രം ബോർഡിങ്ങോടും ലോഡ്ജിങ്ങോടും കൂടി നടത്തുന്ന മിഡിൽ സ്കൂളിലേക്ക് പോയി. അവിടെ ആറാം ക്ലാസ്സിൽ ചേർന്നു. ആറും ഏഴും അവിടെ നിന്നു പാസ്സായി. അങ്ങിനെ ഒരു സർക്കാർ മുദ്രയുള്ള പ്രമാണപത്രം ആദ്യമായി കിട്ടി. ആ സ്കൂളിൽ ഏഴാം തരം വരയേ ഉള്ളു. മിഡിൽ സ്കൂളായിരുന്നു അത്. മിഡിൽ സ്കൂൾ സർട്ടിഫിക്കറ്റും കൊണ്ട് നാട്ടിലേക്ക് മടങ്ങി. ഇവിടെ വന്നപ്പോൾ പണ്ടത്തേപ്പോലെ ആകാശവും ഭൂമിയും മാത്രം.

ഈ പോക്കിനെന്തർത്ഥം ? ഒന്നുകിൽ ജീവിക്കാൻ വേണ്ട ചുറ്റുപാടുണ്ടാക്കണം. അല്ലെങ്കിൽ ജ്ഞാനം നേടി സംസ്കൃതനായി പരമസുഖം നേടണം. ഇഹവും പരവുമില്ലാതെ ഇങ്ങിനെ ഷണ്ഡനെപ്പെലെ ജീവിക്കാനിനി വയ്യ, തീർച്ച. പാച്ചൻ ഊഷ്മളമായൊരു ദീർഘ ശ്വാസം വലിച്ചുവിട്ടു. വിദൂരഭാവിചക്രവാളം നോക്കി അയാളുടെ കൊച്ചോടം അലയാഴിയിൽ കാറ്റത്തുലഞ്ഞു നീന്തി.

*(തുടരും)*

***വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.***

***ഉത്തരം :*** ഇതിനുള്ള ഉത്തരം ഭഗവദ്ഗീതയിലെ പ്രസിദ്ധമായ ഈ ശ്ലോകത്തിലുണ്ട്.

*നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി പാവകഃ |*
*ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ || (ഗീത 2.23)*

യോഗേശ്വരനായ ശ്രീകൃഷ്ണന്റെ വാക്കുകളാണിവ. അമരമായ ഈ ആത്മാവിനെ ഒരായുധത്തിനും മുറിപ്പെടുത്താനാവില്ല. ഒരഗ്നിക്കും ദഹിപ്പിക്കാൻ സാധ്യമല്ല. ഒരു ജലത്തിനും ലയിപ്പിക്കാൻ സാധ്യമല്ല. ഒരു കാറ്റിനും പറത്തുവാനും സാധ്യമല്ല. ഇനി താഴെ പറയുന്ന വേദമന്ത്രങ്ങളെ ഒന്നു പരിശോധിച്ചു നോക്കൂ.

*അമർത്ത്യോ മർത്ത്യേന സയോനിഃ (ഋഗ്വേദം 1.164.30)*

മനുഷ്യരിൽ അമരനായ ജീവാത്മാവ് നശ്വരമായ ശരീരത്തോടുകൂടി വസിക്കുന്നു.

*മർത്ത്യേഷ്വഗ്നി രമൃതോ നി ധായി (ഋഗ്വേദം 10.45.7)*
*മനുഷ്യരിൽ അമരനായ ജീവാത്മാവ് വസിക്കുന്നു.*
*സസ്ചദ് ദേവോ ദേവം സത്യമിന്ദ്രം സത്യ ഇന്ദുഃ (ഋഗ്വേദം 2.22.1)*

അതായത് ശരീരത്തിൽ അനശ്വരനായ പരമാത്മാവ് അനശ്വരനായ ജീവാത്മാവോടുകൂടി വസിക്കുന്നു.

നയം രിപവോ നി രിഷ്ണ്യവോ ഗർഭേ സന്തം രേഷ്ണാ രേഷയന്തി |
അന്ധാ അപശ്യാ ന ദ ഭന്തഭിഖ്യാ നിത്യാസ ഈ പ്രേതാരോ അരക്ഷൻ ||
(ഋഗ്വേദം 1.148.5)

അതായത് ആത്മാവിനെ ഒരു ശത്രുവിനും കൊല്ലാൻ സാധിക്കുകയില്ല. അത് നിത്യനും അവിനാശിയുമാണ്. ഇതിനെ ആർക്കും നശിപ്പിക്കാൻ സാധ്യമല്ല. അത്കൊണ്ട് ആത്മാവ് നിത്യനും അമരനും അനാദിയും അനന്തനുമാണ്.

***(തുടരും)***

**ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക**

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**കാര്യദർശി, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം**

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





***(മുൻ ലക്കത്തിന്റെ തുടർച്ച)***




# അദ്ധ്യായം 3
# അസ്യവാമീയ സൂക്തം
*(ഋഗ്വേദം 1–164)*

## ജ്ഞാനയോഗം–കർമ്മയോഗം–ഉപാസനായോഗം ഇവ മൂന്നും വേണം

**32.** ആരാണോ ജ്ഞാനം-കർമ്മം- ഈശ്വരോപാസന എന്നീ മൂന്നിലും നിമഗ്നരായി വിദഗ്ധത നേടുന്നത്, അവർക്കു മാത്രമേ ആത്മജ്ഞാനത്തോടൊപ്പം ഈശ്വരസാക്ഷത്ക്കാരവും കിട്ടുകയുള്ളൂ. ജീവാത്മാക്കളുടെ മുമ്പുള്ള പിറവികളേകുറിച്ചും ഇനി വരാൻ പോകുന്ന ജന്മങ്ങളെകുറിച്ചും അവ എങ്ങിനെ ആരംഭിച്ചു എങ്ങിനെ അവസാനിച്ചു എന്ന് അറിയുവാൻ കഴിയുകയില്ല (അവയെല്ലാം അറിയുന്നവൻ ഏകബ്രഹ്മമായ ഈശ്വരൻ മാത്രം). ശരീരം വിട്ടതിനുഷശേഷം ആത്മാക്കൾ ആകാശത്തിലേക്കു (ഈശ്വരനിലേക്ക്) ചെല്ലുന്നു. ഈശ്വരാജ്ഞ പ്രകാരം പുതിയ ജന്മങ്ങൾ എടുക്കാൻ ഗർഭങ്ങളിലേക്കും ചെല്ലുന്നു. ഭൂമിയിൽ തിരിച്ചുവന്ന് അവരവർക്കു വിധിക്കപ്പെട്ട കർമ്മങ്ങൾ ചെയ്യുന്നു

## ലോകം – ആത്മാക്കൾ

**33.** ഈ ഭൂമി മാതാവും, സൂര്യൻ പിതാവുമെന്നപോലെ രണ്ടും ധാരണയോടെ വ്യവഹരിക്കുന്നു. ഇത് ജീവാത്മാക്കളായ നമ്മുടെ വാസസ്ഥാനമാകുന്നു. സൂര്യൻ ഉഷാകാലത്ത് വിദ്യാരൂപമായി പ്രകാശിച്ചു ഭൂമിയിൽ എത്തുന്നു. ദിനം എന്ന രൂപമായ പുത്രൻ ഉണ്ടാകുന്നു. ഇതുപോലെ മനുഷ്യരും വീര്യവാന്മാരായ പുത്രന്മാരെയും പുത്രികളെയും സൃഷ്ടിക്കട്ടെ.

**34.** ഭൂമിയുടെ അറ്റം ഏതാണ് ? ഈ ലോകത്തെ നിയന്ത്രിക്കുന്നത് ഏത് ശക്തിയാണ് ? വീര്യമുള്ള കുതിരയുടെ ശക്തിപോലെ വീര്യം ഏതാണ് ? വാക്ക് വളരെ വ്യാപകമുള്ളതായി സർവ്വത്ര വ്യാപിച്ച് ആകാശം പോലുള്ളത് എന്തുകൊണ്ടാണ് ?

ഉത്തരം ഇപ്രകാരം: നിങ്ങൾ= ആത്മാക്കൾ തന്നെ ഭൂമിയുടെ അറ്റം. ഈ

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***

www.aryavaidyasala.com

Kottakkal
ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902
കോട്ടയ്ക്കൽ–676 503

Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

Our Branch Clinics across the country

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





ലോകം നിങ്ങൾക്ക് മന്ത്രരൂപമായ ആകാശവും വായുരൂപമായ യജ്ഞവേദിയുമാണ്. ഈ യജ്ഞമാണ് ലോകത്തെ നിയന്ത്രിക്കുന്ന നാഭി. സോമലത പോലെയുള്ള ഔഷധസസ്യങ്ങളും ചന്ദ്രനും മഴയുണ്ടാക്കുന്ന മേഘങ്ങളും വേഗത്തോടെ സഞ്ചരിക്കുന്ന സൂര്യനും വീര്യത്തിനു സമാനമാകുന്നു. നാലു വേദങ്ങളും അഭ്യസിച്ച് അവയുടെ അർത്ഥം മനസ്സിലാക്കി തരുന്ന വിദ്വാന്മാർ മുഖേനയും എല്ലാറ്റിനും മൂലമായ പരമാത്മാവിനാലും വേദവാണി ഉത്തമമായ ശബ്ദരൂപം കൊണ്ടു പ്രചാരമാകുന്നു. ഇതിനെ ശരിക്കും അറിയുക. ഭൂമിയേ ചുറ്റി നാലു ദിശയിലും ആകാശത്തോടുകൂടി വായുമണ്ഡലം ഉണ്ട്. ഓരോ ബ്രഹ്മാണ്ഡത്തിലും മദ്ധ്യഭാഗത്ത് ഒരു സൂര്യൻ ഉണ്ട്. ഔഷധികൾ, സസ്യവർഗ്ഗങ്ങൾ, വൃക്ഷങ്ങൾ എന്നിവ ഭൂമിയിൽ നിറഞ്ഞിരിക്കുന്നു. വേദങ്ങൾ അഭ്യസിച്ച് പരമാത്മാവിനെ കുറിച്ച് ഉത്തമജ്ഞാനമുള്ളവരാകുക.

***(തുടരും)***

***(മുൻ ലക്കത്തിന്റെ തുടർച്ച)***

## ? = സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



***ചോദ്യം 12 :*** *ആത്മാക്കൾ എത്രയുണ്ട് ? അവയുടെ മുഴുവൻ എണ്ണം എത്രയാണ് ?*

***ഉത്തരം :*** ആത്മാക്കൾ അനേകമുണ്ട്. അവയെ തിട്ടപ്പെടുത്താൻ അൽപ്പജ്ഞനായ ജീവാത്മാവിന് സാധ്യമല്ല. സർവ്വജ്ഞനായ ഈശ്വരന്റെ ദൃഷ്ടിയിൽ ആത്മാക്കളുടെ എണ്ണം പരിമിതമാണ്. ആത്മാക്കളുടെ എണ്ണത്തിൽ ഏറ്റകുറച്ചിലുകൾ ഉണ്ടാകുന്നില്ല. കാരണം അവ അനാദിയും അമരവുമാണ്. അവ പരസ്പരം വ്യത്യസ്ഥതയുള്ളവയുമാണ്. മോക്ഷപ്രാപ്തിയിലെത്തിയ ജീവാത്മാവിനും ഈ നിർണ്ണയം നടത്തുക സാധ്യമല്ല. ഇത് അറിഞ്ഞതുകൊണ്ട് ജീവാത്മാവിന് പ്രത്യേകിച്ചൊന്നും നേടാനുമില്ല.

***ചോദ്യം 13 :*** *ആത്മാവ് അമരനും നിത്യനും അവിനാശിയുമാണെന്നുള്ളതിന് വേദങ്ങളിൽ എന്തെങ്കിലും പ്രമാണമുണ്ടോ?*

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***